FOUNDER EDITOR: K. SUKUMARAN B.A.

# കേരളകൗമുദി

Published from:
Thiruvananthapuram
Kollam, Alappuzha
Kottayam
Kochi, Thrissur
Kozhikode
Kannur & Bangalore

Helpline: 96471 2454647
www.keralakaumudi.com

2005 സെപ്തംബര്‍ 30 വെള്ളി • 1181 കന്നി 14 • തിരുവനന്തപുരം • വില 3 രൂപ 25 പൈസ • പേജ് 16

# കലാമിന്റെ കാല്‍പാടുകള്‍ തേടി

വിവര സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഡോ. എ. പി. ജെ. അബ്ദുള്‍ കലാമിന്റെ വികസന സ്വപ്നങ്ങളോടൊപ്പം സഞ്ചരിക്കുകയാണ് നെടുമങ്ങാട് ജയവിലാസത്തിലെ റെജി വസന്ത് എന്ന കമ്പ്യൂട്ടര്‍ അദ്ധ്യാപകന്‍.

രാഷ്ട്രപതി എ. പി. ജെ. അബ്ദുള്‍ കലാമിന്റെ കേരള സന്ദര്‍ശനവേളയില്‍ അദ്ദേഹം പ്രഖ്യാപിച്ച പത്തിന വികസന പരിപാടിയിലെ മൂന്നാമത്തെ ഇനമായ "വൈജ്ഞാനികോല്‍പന്നങ്ങളുടെ വ്യാപനവും വിപണനവും" അക്ഷരാര്‍ത്ഥത്തില്‍ ഉള്‍ക്കൊണ്ട് ഇന്റര്‍നെറ്റില്‍ ഒരു അറിവിന്റെ ഗ്രാമം (www.knowledgevillage.info) വികസിപ്പിച്ചിരിക്കുകയാണ് റെജി വസന്ത്.

സാറ്റലൈറ്റില്‍ അധിഷ്ഠിതമായ വിദ്യാഭ്യാസവും തുടര്‍പഠനവും ഗവേഷണവുമാണ് റെജിയുടെ പുതിയ വെബ്സൈറ്റ് കൈകാര്യം ചെയ്യുന്നത്. ഇ-ലേണിംഗിന്റെ വിവിധവശങ്ങളെക്കുറിച്ചും വെബ്സൈറ്റില്‍ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

"ഇന്‍ഫര്‍മേഷന്‍ ടെക്നോളജി സാറ്റലൈറ്റ് മിഷന്‍ സേവനങ്ങളിലൂടെ സാധാരണക്കാരിലേക്ക് എത്തിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ വെബ്സൈറ്റ് വികസിപ്പിച്ചത്. സോഫ്റ്റ്വെയര്‍ രംഗത്തെ വന്‍കിട കമ്പനികള്‍ ഈ മേഖലയില്‍ പുതിയ വിപ്ലവത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. എന്നാല്‍, ഇത് ഞാന്‍ എന്ന ഒരു വ്യക്തിയുടെമാത്രം പരിശ്രമമാണ്," റെജി പറയുന്നു.



റെജി വസന്ത്